**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1494** **01-02-2024 - ൽ മറുപടിയ്ക്ക്**

**സ്വകാര്യ റിക്രൂട്ട്മെന്റ് സ്ഥാപനങ്ങളുടെ നിയന്ത്രണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | വിവിധ ജോലികൾക്ക് ആളുകളെ റിക്രൂട്ട് ചെയ്ത് നൽകുന്ന ചില സ്ഥാപനങ്ങൾ ജനങ്ങളിൽ നിന്നും അമിത തുക ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സ്ഥാപനങ്ങൾ അമിത തുക പിരിക്കുന്നത് തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | വിവിധ ജോലിയ്ക്കായി ആളുകളെ റിക്രൂട്ട് ചെയ്യുന്ന സ്ഥാപനങ്ങൾ ജനങ്ങളിൽ നിന്നും അമിത തുക ഈടാക്കുന്നത് സംബന്ധിച്ച പരാതികൾ ലഭിച്ചിട്ടില്ല.<br><br>1960 ലെ കേരള ഷോപ്പ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് ആക്ട് പ്രകാരം ജോബ് കൺസൾട്ടൻസികളായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ ഓഫീസുകൾ തൊഴിൽ വകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി സ്ഥാപനങ്ങൾ ഉദ്യോഗാർത്ഥികളുടെ രജിസ്ട്രേഷൻ നടത്തുകയും ആവശ്യപ്പെടുന്ന സ്ഥാപനങ്ങളിലേയ്ക്ക് റിക്രൂട്ട് ചെയ്യുന്നതിനായി സർവ്വീസ് ചാർജ്ജായി ഉദ്യോഗാർത്ഥികളുടെ പക്കൽ നിന്നും തുക ഈടാക്കുകയുമാണ് ചെയ്യുന്നത്. എന്നാൽ ഈ ഉദ്യോഗാർത്ഥികളും ഈ സ്ഥാപനവും തമ്മിൽ ഏതെങ്കിലും തരത്തിലുള്ള തൊഴിലാളി തൊഴിലുടമ ബന്ധം നിലനിൽക്കുന്നില്ല.<br><br>തൊഴിലും നൈപുണ്യവും വകുപ്പിന് കീഴിലുള്ള ഒരു പൊതുമേഖലാ സ്ഥാപനമായ ഒഡെപെക്, അഭ്യസ്തവിദ്യരായ തൊഴിൽ അന്വേഷകർക്കും വിവിധ സാങ്കേതിക പരിജ്ഞാനം നേടിയവർക്കും അല്ലാതെയുമുള്ള തൊഴിലാളികൾക്കും വിദേശ രാജ്യങ്ങളിൽ അനുയോജ്യമായ തൊഴിൽ മേഖലകൾ കണ്ടെത്തി നൽകുന്നുണ്ട്.<br><br>വിദേശ തൊഴിലുടമയെക്കുറിച്ചുള്ള പൂർണ്ണ വിവരങ്ങൾ അന്വേഷിച്ചതിനുശേഷം മാത്രമേ തൊഴിൽദാതാക്കളുമായി ഒഡെപെക് റിക്രൂട്ട്മെന്റ് നടത്താറുള്ളൂ. ഗവൺമെന്റ് അംഗീകരിച്ച നാമമാത്ര തുകമാത്രമേ ഉദ്യോഗാർത്ഥികളിൽ നിന്നും സർവ്വീസ് ചാർജ്ജായി ഒഡെപെക് സ്വീകരിക്കുന്നുള്ളൂ. |
| (ബി) | പ്രസ്തുത സ്ഥാപനങ്ങൾ നിയമപരമായ അനുമതികൾ ഇല്ലാതെയാണ് പ്രവർത്തിക്കുന്നതെന്ന കാര്യം | (ബി) | കേരള ഷോപ്പ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് ആക്ട് 1960, ചട്ടങ്ങൾ 1961 പ്രകാരം രജിസ്ട്രേഷൻ |

| | | | |
|---|---|---|---|
| | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത്തരം സ്ഥാപനങ്ങളെ നിയന്ത്രിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | | എടുക്കാത്ത സ്ഥാപനങ്ങൾക്കെതിരെ നിയമനടപടികൾ സ്വീകരിക്കാറുണ്ട്. ഇത്തരം സ്ഥാപനങ്ങളുടെ ഓഫീസുകൾക്കും അവിടുത്തെ ജീവനക്കാർക്കും മാത്രമേ തൊഴിൽ നിയമപ്രകാരമുള്ള വ്യവസ്ഥകൾ ബാധകമാകുകയുള്ളൂ. ടി സ്ഥാപനങ്ങൾ രജിസ്ട്രേഷൻ എടുത്തിട്ടില്ലെങ്കിൽ രജിസ്ട്രേഷൻ എടുപ്പിക്കുന്നതിനുള്ള നടപടികൾ പരിശോധനാവേളകളിൽ സ്വീകരിച്ചു വരുന്നുണ്ട്. പരിശോധനാവേളയിൽ നിയമ ലംഘനങ്ങൾ കണ്ടെത്തിയാൽ തൊഴിൽ നിയമ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.<br><br>വിദേശ ജോലിയ്ക്കായി നിയമവിരുദ്ധമായി റിക്രൂട്ട്മെന്റുകൾ നടത്തുന്നത് ശ്രദ്ധയിൽ പ്പെട്ടതിനെത്തുടർന്ന് കേരള പോലീസും, പ്രവാസികാര്യ വകുപ്പായ നോർക്കയും, വിദേശകാര്യ മന്ത്രാലയത്തിലെ പ്രൊട്ടക്ടർ ഓഫ് എമിഗ്രന്റ്സും സംയുക്തമായി ഓപ്പറേഷൻ ശുഭയാത്ര എന്ന പേരിൽ ഒരു പദ്ധതി ആരംഭിക്കുകയും ഇതിന്റെ ഭാഗമായി 24 മണിക്കൂറും പ്രവർത്തിക്കുന്ന ഹെൽപ്പ് ലൈൻ നമ്പറും (0471-2721547), ഇ-മെയിൽ ഐഡികളും spnri.pol@kerala.gov.in, dyspnri.pol@kerala.gov.in നിലവിൽ വരുകയും ചെയ്തിട്ടുണ്ട്. കേരള പോലീസാണ് ഇവ സജ്ജമാക്കിയിട്ടുള്ളത്. അനധികൃ റിക്രൂട്ട്മെന്റിനെതിരെ അവബോധം നൽകുന്നതിനായി വിവിധ മാധ്യമങ്ങൾ വഴി വ്യാപകമായ പ്രചാരണവും നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ